കസ്റ്റഡിയിലായ മൽസ്യത്തൊഴിലാളികളെക്കുറിച്ച് എപ്പോൾ വിവരം കിട്ടിയാലും ആ സമയത്ത് തന്നെ കേന്ദ്ര ആഭ്യന്തര വകുപ്പിനെയും കേന്ദ്ര വിദേശകാര്യ വകുപ്പിനെയും അറിയിക്കുകയും അവരെ ഇതിൽ ഇടപെടുത്തി ഇൻഡ്യൻ എംബസിയിൽക്കൂടി ഈ തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇങ്ങനെയുള്ള പല കേസുകളിലും ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തിട്ടുണ്ട്. ഭാവിയിലും അത് ചെയ്യുന്നതാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഐ.എൽ.ഒ.യുടെ കാര്യം, തൊഴിലിന് വേണ്ടിയാണ് ഇവർ പോകുന്നത്. അങ്ങനെ പോകുന്നവർ ആഭ്യന്തര സുരക്ഷിതത്വത്തിന് ഭീഷണി ഉയർത്തുന്നവരോ ചാരപ്രവർത്തനം നടത്താൻ പോകുന്നവരോ അല്ല. ജീവിക്കാൻ വേണ്ടി ജോലി ചെയ്യുന്നവരെന്നുള്ള നിലയിൽ അങ്ങേയറ്റത്തെ അനുഭാവപൂർവ്വമായ സമീപനമാണ് അവരോട് സ്വീകരിക്കുന്നത്. ഐ.എൽ.ഒ. സമ്മേളനത്തിൽ അയൽരാജ്യങ്ങളുമായി ഒരു ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് മുവ് ചെയ്യണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്നതാണ്. ഐ.എൽ.ഒ.യിൽ ഇൻഡ്യൻ പ്രതിനിധികളെ പങ്കെടുപ്പിക്കുന്ന കാര്യം നിശ്ചയമായിട്ടും പറയും.

(3) മുല്ലശ്ശേരിൽ സുകുമാരൻ നായരുടെ ഭാര്യ മരണമടഞ്ഞ സംഭവം

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാലക്കുടി മുനിസിപ്പാലിറ്റി അതിർത്തിയിൽ പോട്ട എന്ന സ്ഥലത്ത് മുല്ലശ്ശേരിൽ സുകുമാരൻ നായർ എന്ന സാധുവായ ഒരു കർഷകനുണ്ട്. അദ്ദേഹത്തിന് സ്വന്തമായുള്ള കുറച്ച് സ്ഥലത്ത് കൃഷി ചെയ്താണ് ആ കുടുംബം ജീവിച്ചു കൊണ്ടിരുന്നത്. പക്ഷേ സമീപകാലത്ത് അദ്ദേഹത്തിന്റെ കൃഷിനിലത്തിന് അടുത്ത നിലത്ത് മണ്ണ് ഇടുന്നതുമായി ബന്ധപ്പെട്ട തർക്കമുണ്ടായി. പോലീസ് സ്ഥലത്തെത്തി തർക്കം പരിഹരിച്ചു. പക്ഷേ അന്നേദിവസം വൈകുന്നേരം ശ്രീ. സുകുമാരൻ നായരുടെ വീടിന് മുൻപിൽ ഒരു കാർ എത്തി. കാറിനകത്ത് ഏതാനും ആളുകളുണ്ടായിരുന്നു. കാറിൽ വന്ന ആളുകൾ വിശേഷിച്ചും അയൽപക്കത്തുള്ള വ്യക്തി മണ്ണിടുന്നതുമായി ബന്ധപ്പെട്ടുതന്നെ ശ്രീ. സുകുമാരൻ നായരെ വല്ലാതെ ഭീഷണിപ്പെടുത്തുകയുണ്ടായി. രാവിലെ നിലത്തിൽ വച്ച് നടന്ന സംഭവങ്ങൾ ഭർത്താവിൽ നിന്ന് കേട്ടറിഞ്ഞ ഭാര്യ ഭയചകിതയായി ബോധംകെട്ടു വീണു. 24 മണിക്കൂറിനുള്ളിൽ തന്നെ ആശുപത്രിയിൽ വച്ച് അവർ അന്ത്യശ്വാസം വലിക്കുകയും ചെയ്തു. ആ കുടുംബത്തിന്റെ നെടുംതൂണായിരുന്നു ആ സ്ത്രീ. അവർ പോയതോടെ ആ കുടുംബം അനാഥമായി മാറി. അവർക്ക് പ്രായപൂർത്തിയായ ഒരു മകളുണ്ട്. മകൻ അത്രയ്ക്ക് പ്രാപ്തിയില്ലാത്തവനാണ്. ഭർത്താവാണെങ്കിൽ മാനസികമായും

LIBRARY ARCHIVES Kerala Legislative Assembly

ശാരീരികമായും തളർന്നുകഴിഞ്ഞു. അച്ഛനെ പുറത്തേക്ക് വിടാൻ മക്കൾ മടിക്കുന്നു. ഈ അവസ്ഥയിൽ അച്ഛൻ പുറത്തേക്കിറങ്ങുന്നതുപോലും മക്കൾക്ക് പേടിയാണ്. ഈ കുടുംബത്തെ തകർത്ത സംഭവത്തിൽ മണൽ മാഫിയയ്ക്ക് ബന്ധമുണ്ടെന്ന നാട്ടുകാരുടെ പരാതി ഉയർന്നിട്ടുണ്ട്. പരോക്ഷമായി ആർക്കൊക്കെയാണ് ഈ മരണത്തിൽ ബന്ധമുള്ളത് എന്നുകൂടി അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈ കുടുംബത്തിന് ഇങ്ങനെയൊരു അത്യാഹിതം സംഭവിച്ച സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും ഉണ്ടാകണമെന്നും ഈ കേസുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് മണൽ മാഫിയയ്ക്ക് ഇതിലുള്ള പരോക്ഷബന്ധം സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി മതിയായ ശിക്ഷ നൽകണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ചാലക്കുടി പോട്ടയ്ക്ക് സമീപം മുല്ലശ്ശേരിയിൽ താമസിക്കുന്ന സുകുമാരൻ നായരുടെ നെൽപ്പാടത്തോട് ചേർന്നു ചാലക്കുടി ഹൈസ്കൂളിനുവേണ്ടി അക്വയർ ചെയ്ത നെൽപ്പാടം നിക

11.00 A.M.] ത്തുന്നതു സംബന്ധിച്ച് സുകുമാരൻ നായർ എതിർപ്പ് പ്രകടിപ്പിച്ചു. ഇതിനെപ്പറ്റി നെൽപ്പാടം നികത്താൻ കോൺട്രാക്ട് എടുത്തിരുന്ന പോട്ട, പനക്കൽ സ്വദേശി വിൽസൺ, സുകുമാരൻ നായരുമായി വാക്കുതർക്കത്തിൽ ഏർപ്പെട്ടു. കഴുത്തിനു കുത്തിപ്പിടിച്ച് വീടിനു തീവയ്ക്കുമെന്നു ഭീഷണിപ്പെടുത്തി. ഇതറിഞ്ഞ സുകുമാരൻ നായരുടെ ഭാര്യ ശാന്തമ്മ കുഴഞ്ഞു വീഴുകയും അവരെ ചികിൽസയ്ക്കായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ചികിൽസയിൽ ഇരിക്കെ അടുത്ത ദിവസം അവർ മരണപ്പെട്ടു. ഈ കാര്യത്തിനു അസ്വാഭാവിക മരണം എന്ന തലക്കെട്ടിൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിൽസൺ തന്റെ വീട് തീവയ്ക്കുമെന്നും തന്നെ ഭീഷണിപ്പെടുത്തിയെന്നും സുകുമാരൻ നായർ പരാതിപ്പെട്ടതിന്റെ വെളിച്ചത്തിൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ശാന്തമ്മയുടെ മരണത്തിനു ഏതെങ്കിലും വിധത്തിലുള്ള ഉത്തരവാദിത്വം ഈ സംഭവത്തിനു ഉണ്ടോയെന്നു പ്രത്യേകം പരിശോധിക്കും. ഉണ്ടെങ്കിൽ അതിനനുസരിച്ചുള്ള നിയമ നടപടികൾ ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

(4) വാറ്റ് നടപ്പാക്കിയതുമൂലം കൺസ്യൂമർ ഫെഡിലെ സർക്കാർ പദ്ധതികൾ പ്രതിസന്ധിയിലായ സാഹചര്യം

ശ്രീ. എം. വി. ജയരാജൻ: സർ, സർക്കാർ പ്രഖ്യാപിച്ച ഒരുപാട് പദ്ധതികൾ നടപ്പിവാക്കിവരുന്ന ഒരു സ്ഥാപനമാണ് കൺസ്യൂമർ ഫെഡ്. വാറ്റ് ഏർപ്പെടുത്തിയതുമൂലം കൺസ്യൂമർ ഫെഡ് ഇപ്പോൾ ഗുരുതരമായിട്ടുള്ള പ്രതിസന്ധിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly